പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3630

15.03. 2018 ൽ മറുപടിക്ക്

## വൈദ്യുതി മോഷണവും നടപടികളും

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്

"കെ.എം.ഷാജി

"പി.ബി.അബ്ദുൽ റസ്സാക്ക്

"മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി മോഷണം തടയാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടു കൂടി ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പോലീസുകാർ കൂടി ഉൾപ്പെട്ട ആന്റിപവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ നിലവിൽ ഉണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. രാത്രികാല പരിശോധനകളും അവധി ദിന പരിശോധനകളും ഫലപ്രദമായി നടത്തി കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കി വരുന്നു.<br>വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടുപിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് സീലുകൾ ഉപയോഗിക്കുകയും ചെയ്തു വരുന്നു. എ.പി.റ്റി സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) കെ.എസ്.ഇ.ബി. യുടെ നേതൃത്വത്തിൽ വൈദ്യുതി മോഷണ വിരുദ്ധ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) വൈദ്യുതി മോഷണവും ദുരുപയോഗവും മൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) വൈദ്യുതി നിയമം 2003 ൽ വൈദ്യുതി മോഷണവും ദുരുപയോഗവും തടയുന്നതിനും കണ്ടെത്തിയാൽ പിഴ ചുമത്തുന്നതിനുമുള്ള നിയമപരമായ നടപടികളെക്കുറിച്ച് പ്രതിപാദി - പ്പിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ വൈദ്യുതി ബോർഡ് നടപ്പാക്കി വരുന്നു.<br>കേരളത്തിലെ 14 ജില്ലകളിലും എ.പി.റ്റി.എസിന്റെ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. ഈ പതിനാല് ജില്ലകളിലും വൈദ്യുതി മോഷണവും ദുരുപയോഗവും നടക്കുന്നതായി പരിശോധനയിൽ കണ്ടെത്തുകയോ പരാതി ലഭിക്കുകയോ ചെയ്താൽ അതാത് ജില്ലയിലെ യൂണിറ്റുകൾ ബന്ധപ്പെട്ട ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും വൈദ്യുതി മോഷണമോ മറ്റ് ക്രമക്കേടുകളോ കണ്ടെത്തിയാൽ അത്തരം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി നിയമം 2003 അനുശാ- സിക്കുന്ന പ്രകാരം പിഴ ഈടാക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ